പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം.138</u> | <u>21.03.2012 - ൽ മറുപടിയ്ക്ക്</u>

## <u>ഭക്ഷ്യ എണ്ണയും പയറുവർഗ്ഗങ്ങളും ന്യായവിലയ്ക്കു നൽകുവാൻ പദ്ധതി</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, കെ. ശിവദാസൻ നായർ<br>,, എം. എ. വാഹീദ്<br>,, വർക്കല കഹാർ | | **ശ്രീ. സി.എൻ.ബാലകൃഷ്ണൻ**<br>**(സഹകരണ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ എണ്ണയും പയറുവർഗ്ഗങ്ങളും ന്യായവിലയ്ക്കു നൽകുവാൻ കൺസ്യൂമർഫെഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ സംസ്ഥാനത്തെ ഉപഭോക്താക്കൾ സാധാരണ ഉപയോഗിക്കുന്ന വിവിധ ഇനം ഭക്ഷ്യ എണ്ണകളും, എല്ലാ ഇനങ്ങളിലുംപെട്ട പയറുവർഗ്ഗങ്ങളും, ഫെഡറേഷന്റെ ത്രിവേണി യൂണിറ്റുകളിലൂടെയും, നീതി സ്റ്റോറിലൂടെയും, ന്യായ വിലയ്ക്ക് വിൽപ്പന നടത്തി വരുന്നുണ്ട്. |
| (ബി) ഈ പദ്ധതിക്ക് കേന്ദ്രമന്ത്രാലയത്തിന്റെ എന്തെല്ലാം സഹായങ്ങളാണു ലഭ്യമാക്കുന്നത്;<br><br>(സി) ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ബി) യും (സി) യും | ഭക്ഷ്യ എണ്ണയും പയറു വർഗ്ഗങ്ങളും മാത്രം ന്യായ വിലയ്ക്ക് നൽകുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ ധനസഹായം ലഭിച്ചിട്ടില്ല. എന്നാൽ എല്ലാ നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നതിന് 10 മൊബൈൽ ത്രിവേണികളും 2 ഫ്ലോട്ടിംഗ് ത്രിവേണികളും ആരംഭിക്കുന്നതിനു വേണ്ടി 2.02 കോടി രൂപ കൺസ്യൂമർ അഫയേഴ്സ് മിനിസ്ട്രിയിൽ നിന്നും കൺസ്യൂമർ ഫെഡറേഷന് ലഭിച്ചിട്ടുണ്ട്.<br>ടി പദ്ധതി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 2 മൊബൈൽ ത്രിവേണിയും, 1 ഫ്ലോട്ടിംഗ് ത്രിവേണിയും ഇതിനകം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ